**ഈ പോളിസിയിൽ, നിക്ഷേപ പോർട്ട്ഫോളിയോയിലെ നിക്ഷേപ നഷ്ടസാദ്ധ്യതകൾ പോളിസിയുടമ വഹിക്കേണ്ടതാണ്.**

''യൂണിറ്റ് ലിങ്ക്ഡ് ഇൻഷൂറൻസ് പ്രൊഡക്റ്റുകൾ ഉടമ്പടിയുടെ ആദ്യത്തെ അഞ്ച് വർഷങ്ങളിൽ പണമാക്കി മാറ്റാൻ സാധിക്കുകയില്ല. അഞ്ചാം വർഷത്തിന്റെ അവസാനം വരെ പോളിസി ഉടമകൾക്ക് അവരുടെ പോളിസികൾ സറണ്ടർ ചെയ്യാനോ/ലിങ്ക്ഡ് ഇൻഷൂറൻസ് പ്രൊഡക്റ്റുകളിൽ നിക്ഷേപിച്ചിട്ടുള്ള തുക പൂർണ്ണമായോ ഭാഗികമായോ പിൻവലിക്കാനോ സാധിക്കുകയില്ല.''

## എസ്ബിഐ ലൈഫ് - സ്മാർട്ട് പ്രിവിലേജ് എന്തുകൊണ്ട്?

നിങ്ങൾ ജീവിതത്തിൽ വിജയം കൈവരിച്ച ഒരാളാണ്. ജീവിതത്തിലെ ബുദ്ധിപൂർവ്വമായ തീരുമാനങ്ങളുടെ പേരിൽ നിങ്ങൾ ബഹുമാനിക്കപ്പെടുന്നു. നിങ്ങൾ കൈവരിച്ച നേട്ടങ്ങൾ വലിയതാണെങ്കിലും വ്യക്തിപരവും സാമ്പത്തികപരവുമായ ലക്ഷ്യങ്ങളിൽ ഏറ്റവും മികച്ചതു നേടിയാലല്ലാതെ നിങ്ങൾ തൃപ്തിപ്പെടുകയില്ല. **എസ്ബിഐ ലൈഫ് - സ്മാർട്ട് പ്രിവിലേജ്** നിങ്ങൾക്ക് പരിരക്ഷ പ്രദാനം ചെയ്യുകയും സൗജന്യ ഫണ്ട് സ്വിച്ചുകളിലൂടെ നിങ്ങളുടെ നിക്ഷേപം കൈകാര്യം ചെയ്യാൻ നിങ്ങളെ അനുവദിക്കുകയും ലോയൽറ്റി അഡീഷൻസ് വഴി നിങ്ങളുടെ ഫണ്ട് വാല്യു വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

- **പരിരക്ഷ:** ഇൻഷ്വർ ചെയ്യപ്പെട്ടയാൾ മരിക്കുകയാണെങ്കിൽ കുടുംബത്തിന് സാമ്പത്തിക സുരക്ഷ പ്രദാനം ചെയ്യുന്നു.
- **ദീർഘകാല സമ്പത്തു ശേഖരണം:** ലോയൽറ്റി അഡീഷൻസ്* ആനുകൂല്യത്തിലൂടെയും മാർക്കറ്റ് ലിങ്ക്ഡ് ആദായത്തിലൂടെയും ലക്ഷ്യാധിഷ്ഠിത സമ്പാദ്യം നേടുക.
- നിങ്ങളുടെ സൗകര്യമനുസരിച്ച് പോളിസിയുടെ തുടക്കത്തിൽ തിരഞ്ഞെടുക്കുന്നതു പോലെ **മൊത്തം പോളിസി കാലത്തേക്കോ പരിമിത സമയത്തേക്കോ ഒറ്റത്തവണത്തേക്കോ പ്രീമിയം അടയ്ക്കുകയും** തിരഞ്ഞെടുത്ത പോളിസി കാലാവധി മുഴുവനും ആനുകൂല്യങ്ങൾ ആസ്വദിക്കുകയും ചെയ്യുക.
- **നിക്ഷേപ സ്വാതന്ത്ര്യം:** റിസ്ക്ക് എടുക്കുവാനുള്ള നിങ്ങളുടെ താൽപ്പര്യമനുസരിച്ച് 11 ഫണ്ട് ഓപ്ഷനുകളിൽ നിന്നും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കുവാനും ഒന്നാം പോളിസി വർഷം മുതൽ പരിമിതിയില്ലാത്ത സൗജന്യ സ്വിച്ചുകളിലൂടെയും പ്രീമിയം റീ-ഡയറക്ഷനുകളിലൂടെയും നിങ്ങളുടെ നിക്ഷേപം കൈകാര്യം ചെയ്യുവാനുമുള്ള സ്വാതന്ത്ര്യം.
- പോളിസി കാലാവധി മുഴുവനും യാതൊരു **പോളിസി നടത്തിപ്പു ചാർജ്ജും ഈടാക്കുന്നില്ല**
- 6-ാം പോളിസി വർഷം മുതൽ **പ്രീമിയം അലോക്കേഷൻ ചാർജ്ജ് ഈടാക്കുന്നില്ല**
- **ലോയൽറ്റി അഡീഷൻസ്-** 6-ാം പോളിസി വർഷം മുതൽ നിശ്ചിത ഇടവേളകളിൽ, തുടങ്ങുന്നു പ്രാബല്യത്തിലുള്ള പോളിസികൾക്കു മാത്രം
- **നികുതി ഇളവുകൾ****
- **ലിക്വിഡിറ്റി:** 6-ാം പോളിസി വർഷം മുതൽ ഭാഗികമായ പിൻവലിക്കലുകളിലൂടെയുള്ള ലിക്വിഡിറ്റി

*പ്രാബല്യത്തിലുള്ള പോളിസികൾക്ക് 6-ാം പോളിസി വർഷം മുതൽ നിർദ്ദിഷ്ട കാലയളവുകളിലേക്കു ബാധകം.


**നികുതി ആനുകൂല്യങ്ങൾ, ആദായ നികുതി ചട്ടങ്ങൾ പ്രകാരമാണ് അവ അതാതു സമയങ്ങളിൽ മാറ്റത്തിന് വിധേയമാണ്. ദയവായി താങ്കളുടെ നികുതി ഉപദേഷ്ടാവുമായി ചർച്ച ചെയ്യുക.

## പദ്ധതി വിവരണം


**ശ്രീ. ജെയിൻ എസ്ബിഐ ലൈഫ്-സ്മാർട്ട് പ്രിവിലേജ് പോളിസി എടുത്തു. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ് :**

| | | |
|---|---|---|
| പ്രായം - 30 വയസ് | പ്ലാൻ ഇനം : റെഗുലർ<br>തവണ : വാർഷികം | പോളിസി കാലയളവ് : 20 വർഷം<br>പ്രീമിയം അടവ് കാലയളവ് (പിപിടി) : 20 വർഷം |
| പ്രീമിയം : ₹15,00,000 പ്ര.വ. | സം അഷ്വേർഡ് - ₹1,05,00,000 | ഫണ്ട് - 100% ഇക്വിറ്റി ഒപ്റ്റിമൈസർ ഫണ്ട് |

1. **മെച്യൂരിറ്റി ബെനിഫിറ്റ് (ലംപ്സം) :** മെച്യൂരിറ്റി തീയതിയിൽ ശ്രീ. ജെയിൻറെ മെച്യൂരിറ്റി ബെനിഫിറ്റ് അനുമാനിത നിക്ഷേപ ആദായത്തിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നു:




2. **ഡെത്ത് ബെനിഫിറ്റ് (ലംപ്സം) :** 10-ാം പോളിസി വർഷത്തിൽ നിർഭാഗ്യവശാൽ ശ്രീ. ജെയിൻ മരിക്കുകയാണെങ്കിൽ, ഡെത്ത് ബെനിഫിറ്റ് അനുമാനിത നിക്ഷേപ ആദായം അനുസരിച്ച് താഴെയുള്ള പട്ടികയിൽ കൊടുത്തിരിക്കും പ്രകാരമായിരിക്കും:




^^ഫണ്ട് വാല്യൂ/ഡെത്ത് ബെനിഫിറ്റ് സംഖ്യകൾ വിശദീകരണ ഉദ്ദേശ്യത്തിനു വേണ്ടിയുള്ളതും ആരോഗ്യമുള്ള ഒരു വ്യക്തിക്കുള്ളതുമാണ്. മുകളിൽ കൊടുത്തിരിക്കുന്ന അനുമാനിത ആദായ നിരക്കുകളായ @4%, @8% പ്ര.വ. ബാധകമായ എല്ലാ ചാർജ്ജുകളും പരിഗണിച്ചതിനു ശേഷമുള്ള വിശദീകരണ സാഹചര്യങ്ങൾ മാത്രമാണെന്ന കാര്യം ദയവായി ശ്രദ്ധിക്കുക. അവ ഉറപ്പു നൽകപ്പെട്ടിട്ടുള്ളതല്ലെന്നു മാത്രമല്ല അവ ആദായത്തിന്റെ ഉയർന്നതോ താഴ്ന്നതോ ആയ പരിധികളുമല്ല. യൂണിറ്റ് ലിങ്ക്ഡ് ലൈഫ് ഇൻഷുറൻസ് പ്രൊഡക്റ്റുകൾ മാർക്കറ്റ് റിസ്ക്കിനു വിധേയമാണ്. ഈ കോൺട്രാക്റ്റിനു കീഴിൽ ഓഫർ ചെയ്യപ്പെടുന്ന വിവിധ ഫണ്ടുകൾ ആ ഫണ്ടുകളുടെ പേരുകൾ മാത്രമാണ്. അവ യാതൊരു വിധത്തിലും ഈ പ്ലാനുകളുടെ ഗുണമേന്മയെയോ ഭാവി സാധ്യതകളെയോ ആദായത്തെയോ സൂചിപ്പിക്കുന്നില്ല. കൂടുതൽ വിവരങ്ങൾക്ക് ദയവായി നിങ്ങളുടെ പോളിസിക്കു വേണ്ടിയുള്ള പ്രത്യേക ആനുകൂല്യ വിശദീകരണം അഭ്യർത്ഥിക്കുക.

## പ്ലാൻ വിശദാംശങ്ങൾ

| | | | |
|---|---|---|---|
| **പ്രവേശന സമയത്ത് പ്രായം[1]** | **കുറഞ്ഞത് :** റെഗുലർ/ലിമിറ്റഡ് പ്രീമിയം പോളിസി : 8 വയസ്<br>സിങ്കിൾ പ്രീമിയം : 13 വയസ് | | **കൂടിയത് :** 55 വയസ് |
| **മെച്യൂരിറ്റി സമയത്ത് പ്രായം[1]** | **കുറഞ്ഞത് :** 18 വയസ് | | **കൂടിയത് :** 70 വയസ് |
| **പ്ലാൻ ഇനം** | റെഗുലർ പ്രീമിയം/ലിമിറ്റഡ് പ്രീമിയം/സിങ്കിൾ പ്രീമിയം | | |
| **പ്രീമിയം അടയ്ക്കൽ കാലാവധിയും (പിപിടി) തത്തുല്യമായ പോളിസി കാലാവധിയും (പിടി)** | **പ്ലാൻ ഇനം** | **പോളിസി കാലയളവ് (വർഷം)** | **പ്രീമിയം അടവ് കാലയളവ് (വർഷം)** |
| | **റെഗുലർ പ്രീമിയം** | 10-30 (രണ്ടും ഉൾപ്പെടെ) | പോളിസി കാലയളവ് പോലെ |
| | **ലിമിറ്റഡ് പ്രീമിയം അടയ്ക്കൽ കാലാവധി (എൽപിപിടി)** | 10-30 (രണ്ടും ഉൾപ്പെടെ) | കുറഞ്ഞത് : 5 വർഷം<br>കൂടിയത് : പോളിസി കാലാവധിയെക്കാൾ 1 വർഷം കുറവ് |
| | **സിങ്കിൾ പ്രീമിയം** | 5-30 വർഷങ്ങൾ (രണ്ടും ഉൾപ്പെടെ) | പോളിസിയുടെ തുടക്കത്തിൽ ഒരു തവണ അടയ്ക്കുക |
| **പ്രീമിയം തുക (₹100ന്റെ ഗുണിതങ്ങളിൽ)** | **പ്ലാൻ ഇനം** | **കുറഞ്ഞത് (₹)** | **കൂടിയത് (₹)** |
| | **റെഗുലർ പ്രീമിയം/ ലിമിറ്റഡ് പ്രീമിയം അടയ്ക്കൽ** | വാർഷികം : 6,00,000 | പരിധിയില്ല, ബോർഡ് അംഗീകൃത അണ്ടർറൈറ്റിംഗ് നയം അനുസരിച്ചായിരിക്കും. |
| | | അർദ്ധ-വാർഷികം : 3,00,000 | |
| | | ത്രൈമാസം : 1,50,000 | |
| | | പ്രതിമാസം : 50,000 | |
| | **സിങ്കിൾ പ്രീമിയം** | 6,00,000 | |
| **പ്രീമിയം ഫ്രീക്വൻസി** | സിംഗിൾ/വാർഷികം/അർദ്ധ-വാർഷികം/ത്രൈമാസം/പ്രതിമാസം | | |
| **ബേസിക് സം അഷ്വേർഡ്** | **പ്ലാൻ ഇനം** | | |
| | **റെഗുലർ പ്രീമിയം, ലിമിറ്റഡ് പ്രീമിയം അടയ്ക്കൽ കാലാവധി** | 7 x വാർഷിക പ്രീമിയം[2] | |
| | **സിങ്കിൾ പ്രീമിയം** | 1.25 x സിങ്കിൾ പ്രീമിയം | |

[1]എല്ലാ പ്രായം നിർണ്ണയിക്കലും കഴിഞ്ഞ ജന്മദിനത്തിലെ വയസ്സ് അടിസ്ഥാനമാക്കിയാണ്.

[2]വാർഷിക പ്രീമിയം എന്നാൽ ഒരു വർഷത്തിൽ അടയ്ക്കേണ്ടതായ പ്രീമിയം തുകയാണ്, ബാധകമായ നികുതികൾ കൂടാതെ.

^പ്രതിമാസ രീതിയിൽ, 3 മാസം വരെ പ്രീമിയം മുൻകൂർ അടയ്ക്കണം. പുതുക്കൽ പ്രീമിയം അടവ് ഇലക്ട്രോണിക് ക്ലിയറിങ്ങ് സിസ്റ്റം (ഇസിഎസ്), ക്രെഡിറ്റ് കാർഡ്, നേരിട്ടുള്ള ഡെബിറ്റ്, SI-EFT വഴിയായി മാത്രമെ അനുവദിക്കുകയുള്ളൂ. മന്ത്‌ലി സാലറി സേവിംഗ്സ് സ്കീം (എസ്എസ്എസ്) ആണെങ്കിൽ, 2 മാസം വരെ പ്രീമിയം മുൻകൂറായി അടയ്ക്കണം, പ്രീമിയം പുതുക്കൽ അടവ് ശമ്പളത്തിൽനിന്ന് കിഴിച്ചുകൊണ്ടു മാത്രം അനുവദിക്കും.

ശ്രദ്ധിക്കുക: പ്രായപൂർത്തിയാകാത്ത ആളുകൾക്ക്, മെച്യൂരിറ്റി തീയതിയിൽ ഇൻഷ്വർ ചെയ്യപ്പെട്ടയാൾക്ക് കുറഞ്ഞത് 18 വയസ്സുണ്ടാകും (ഒടുവിലത്തെ ജന്മദിനത്തിൽ) എന്നുറപ്പാകുന്ന തരത്തിലുള്ള പോളിസി കാലാവധി തിരഞ്ഞെടുക്കേണ്ടതാണ്.

'പ്രീമിയം അലോക്കേഷൻ ചാർജസ്', 'ഫണ്ട് മാനേജ്മെന്റ് ചാർജസ്', തുടങ്ങി വിവിധ ചാർജുകൾ ഈടാക്കുന്നതാണ്. പ്രീമിയം അലോക്കേഷൻ ചാർജ്ജുകളും മോർട്ടലിറ്റി ചാർജ്ജുകളും ഒഴികെയുള്ള എല്ലാ ചാർജ്ജുകളും ഐആർഡിഎഐയുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ പുതുക്കലിന് വിധേയമാണ്. ചാർജ്ജുകളുടെയും അവയുടെ പ്രവർത്തന രീതിയുടെയും പൂർണ്ണമായ പട്ടികയ്ക്ക് ദയവായി സെയിൽസ് ബ്രോഷർ കാണുക.

ആദ്യത്തെ 5 പോളിസി വർഷങ്ങളിൽ സറണ്ടർ അഭ്യർത്ഥന നടത്തുന്നുവെങ്കിൽ, 6ാമത്തെ പോളിസി വർഷത്തിന്റെ 1ാമത്തെ പ്രവൃത്തി ദിവസമാണ് ഫണ്ട് മൂല്യം നൽകപ്പെടുക. 5 പോളിസി വർഷങ്ങൾക്ക് ശേഷം സറണ്ടർ അഭ്യർത്ഥന നടത്തുന്നുവെങ്കിൽ, ഫണ്ട് മൂല്യം ഉടനെത്തന്നെ നൽകപ്പെടും.

## റിബേറ്റ് നിരോധനം

**ഇൻഷുറൻസ് ആക്ട് 1938ന്റെ ചട്ടം 41 അതാതു സമയത്ത് ഭേദഗതി ചെയ്ത വിധം പ്രസ്താവിക്കുന്നത് :**

a) ഇന്ത്യയിലെ ഏതെങ്കിലും വ്യക്തികളേയോ, ആസ്തിയോ സംബന്ധിച്ചുള്ള ഏതെങ്കിലും ഇനം റിസ്കിന്റെ കാര്യത്തിൽ ഒരു ഇൻഷുറൻസ് എടുക്കുവാനോ പുതുക്കുവാനോ തുടരുവാനോ ഏതെങ്കിലും വ്യക്തിയെ പ്രേരിപ്പിച്ചുകൊണ്ട് നേരിട്ടോ അഥവാ അല്ലാതെയോ നൽകേണ്ട കമ്മീഷന്റെ മൊത്തമോ ഭാഗികമോ ആയ ഏതെങ്കിലും റിബേറ്റ് അഥവാ പോളിസിയിൽ കാണിച്ച പ്രീമിയത്തിന്റെ ഏതെങ്കിലും റിബേറ്റ്, അതുപോലെ ഒരു പോളിസി എടുപ്പിക്കുന്നതോ പുതുക്കുന്നതോ തുടരുന്നതോ ആയ ഏതെങ്കിലും വ്യക്തി ഇൻഷുററുടെ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസുകൾ അഥവാ പട്ടികകൾക്ക് അനുസൃതമായി അനുവദിച്ചേക്കാവുന്ന റിബേറ്റുകൾ ഒഴിച്ചാൽ ഒരു വ്യക്തിയേയും അനുവദിക്കുന്നതല്ല അഥവാ അനുവാദം നൽകുന്നതല്ല.

b) ഈ വകുപ്പിന്റെ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏത് വ്യക്തിയും രൂപ പത്തുലക്ഷം വരെ വർധിപ്പിച്ചേക്കാവുന്ന പിഴയടക്കുവാൻ ബാധ്യസ്ഥനാകും.


**Toll-free No.:** 1800 267 9090 | SMS '**LIBERATE**' to 56161 | **Email:** info@sbilife.co.in | **Web:** www.sbilife.co.in
(Between 9.00 am & 9.00 pm)


എസ്ബിഐ ലൈഫ് - സ്മാർട്ട് പ്രിവിലേജ് ഒരു ഇൻഡിവിഡ്വൽ, യൂണിറ്റ് -ലിങ്ക്ഡ്, നോൺ-പാർട്ടിസിപ്പേറ്റിംഗ്, ലൈഫ് ഇൻഷൂറൻസ് പ്രൊഡക്റ്റ് ആണ്.

**വ്യാജ ഫോൺ കോളുകളെയും കപടമായ/വഞ്ചനാപരമായ ഓഫറുകളെയും സൂക്ഷിക്കുക.**
IRDAI ഏതെങ്കിലും തരത്തിലുള്ള ഇൻഷുറൻസ് പോളിസികൾ വിൽക്കുകയോ ബോണസ് പ്രഖ്യാപിക്കുകയോ അല്ലെങ്കിൽ പ്രീമിയ നിക്ഷേപങ്ങൾ നടത്തുകയോ ചെയ്യുന്നില്ല. ഇത്തരത്തിലുള്ള ഫോൺ കോളുകൾ ലഭിക്കുന്ന പൊതു ജനങ്ങൾ പൊലീസിൽ പരാതി സമർപ്പിക്കേണ്ടതാണ്.


യൂണിറ്റ് ലിങ്ക്ഡ് ലൈഫ് ഇൻഷുറൻസ് ഉല്പന്നങ്ങൾ പരമ്പരാഗത ഇൻഷുറൻസ് ഉല്പന്നങ്ങളിൽനിന്ന് വ്യത്യസ്തമാണ്, അവ വിപണിയിലെ നഷ്ടസാദ്ധ്യതകൾക്ക് വിധേയമാണ്. യൂണിറ്റ് ലിങ്ക്ഡ് പോളിസിയിൽ അടയ്ക്കുന്ന പ്രീമിയം മൂലധന വിപണികളുമായി ബന്ധപ്പെട്ട നിക്ഷേപ നഷ്ടസാദ്ധ്യതകൾക്ക് വിധേയമാണ്. ഫണ്ടിന്റെ പ്രവർത്തനത്തിന്റെയും മൂലധന വിപണിയെ ബാധിക്കുന്ന ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ യൂണിറ്റുകളുടെ അറ്റ ആസ്തി മൂല്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായേക്കാവുന്നതും ഇൻഷുറൻസ് എടുക്കുന്ന ആൾ അദ്ദേഹത്തിന്റെ/അവരുടെ തീരുമാനങ്ങൾക്ക് ഉത്തരവാദിത്വം വഹിക്കുന്നതും ആണ്. എസ്ബിഐ ലൈഫ് ഇൻഷുറൻസ് കമ്പനി ലി. എന്നത് ഇൻഷുറൻസ് കമ്പനിയുടെ പേരും-എസ്ബിഐ ലൈഫ് - സ്മാർട്ട് പ്രിവിലേജ് എന്നത് യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് ഉടമ്പടിയുടെ പേരും മാത്രമാണ്. അത് യാതൊരു രീതിയിലും ഉടമ്പടിയുടെ ഗുണമേന്മയേയോ അതിന്റെ ഭാവിയിലെ ലാഭസാധ്യതകളേയോ വരുമാനങ്ങളേയോ സൂചിപ്പിക്കുന്നില്ല. ബന്ധപ്പെട്ട നഷ്ടസാദ്ധ്യതകളെയും ബാധകമായ ചാർജ്ജുകളെയും സംബന്ധിച്ച് നിങ്ങളുടെ ഇൻഷുറൻസ് ഏജൻറിൽനിന്നോ ഇടനിലക്കാരിൽനിന്നോ ഇൻഷുറൻസ് സ്ഥാപനത്തിന്റെ പോളിസി ഡോക്യുമെന്റിൽനിന്നോ ദയവായി മനസ്സിലാക്കുക. ഈ ഉടമ്പടി പ്രകാരം നൽകുന്ന വിവിധ ഫണ്ടുകൾ ഫണ്ടിന്റെ പേരുകൾ മാത്രമാണ്, അവ ഈ പ്ലാനുകളുടെ ഗുണമേന്മയോ ഭാവിയിലെ ലാഭസാധ്യതകളേയോ വരുമാനങ്ങളേയോ ഒരു വിധത്തിലും സൂചിപ്പിക്കുന്നില്ല. ഫണ്ട് ഓപ്ഷനുകളുടെ കഴിഞ്ഞകാല പെർഫോമൻസ് ഭാവി പെർഫോമൻസിന്റെസൂചികയല്ല. ഈ പോളിസിക്കു കീഴിൽ നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നികുതി നിയമങ്ങൾക്കും സമയാ സമയങ്ങളിൽ നിലവിലുള്ള ഫിസ്ക്കൽ നിയമങ്ങൾക്കും വിധേയമാണ്. വിശദ വിവരങ്ങൾക്ക് ദയവായി നിങ്ങളുടെ ടാക്സ് അഡ്വൈസറുമായി ബന്ധപ്പെടുക. നഷ്ടസാദ്ധ്യതകൾ, നിബന്ധനകളും വ്യവസ്ഥകളും എന്നിവയുടെ വിശദവിവരങ്ങൾക്ക്, ഒരു വിൽപന നിശ്ചയിക്കുന്നതിനു മുൻപ് ദയവായി സെയിൽസ് ലഘുലേഖ ശ്രദ്ധിച്ചു വായിക്കുക. മുകളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ട്രേഡ് ലോഗോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അധീനതയിൽ ഉള്ളതും ലൈസൻസ് പ്രകാരം എസ്ബിഐ ലൈഫ് ഉപയോഗിച്ചിട്ടുള്ളതുമാണ്. എസ്ബിഐ ലൈഫ് ഇൻഷുറൻസ് കമ്പനി ലി., റജിസ്റ്റേർഡ് ആന്റ് കോർപറേറ്റ് ഓഫീസ് : നടരാജ്, എം.വി. റോഡ് ആന്റ് വെസ്റ്റേൺ എക്സ്പ്രസ് ഹൈവേ ജങ്ഷൻ, അന്ധേരി (ഈസ്റ്റ്), മുംബൈ-400069. **IRDAI റെജി. നം.111** | CIN : L99999MH2000PLC129113.



NW/2B/Cr1/ver1/12/21/SP/MAL